


# VIMALA HRIDAYA ISC SCHOOL

# Vimalaura@25

## SILVER JUBILEE SOUVENIR 2025-26



**Rev. Mother. Renora Mary**
FIH Manager &
Superior General



**Rev. Mother Rexia Mary FIH**
Former Manager &
Principa1(2001-2013) Superior General



**Rev. Mother. Boniface Mary FIH**
Former Manager &
Superior General



**Rev. Mother. Delphine Mary FIH**
Former Manager &
Superior General

## ഒളിമങ്ങാത്ത സ്മരണകൾ



**എ**ന്റെ ജീവിത്തിലെ മറക്കാനാവാത്ത സുദിനമായിരുന്നു 2000-ാം മാണ്ട് July 24. പഴയാറ്റിൻകുഴിയിലെ മാതാവിന്റെ മദ്ധ്യസ്ഥതയിലുള്ള **"വിമലഹൃദയ ഐ. സി. എസ്. സി. സ്കൂൾ"** എന്ന നാമകരണം ഇന്നും എന്റെ മനസ്സിന്റെ മണിച്ചെപ്പിൽ ഒളിമങ്ങാതെ ഞാൻ സൂക്ഷിക്കുന്നു. Rev. Mother Delphine Mary മദർ ജനറലായിരിക്കെ Rev. Mother ന്റെ നിർദ്ദേശപ്രകാരം 2000-ാം മാണ്ട് July 24 ന് Rev.Sr. Adolf Mary ദീപം കൊളുത്തി, എട്ട് അധ്യാപകരുമായി സ്കൂൾ ആരംഭിച്ചു.

പട്ടത്താനം വിമലഹൃദയ എൽ.പി. സ്കൂളിലെ കുറച്ചു കുട്ടികളും അവിടെ സേവനമനുഷ്ഠിച്ച ഒരു അധ്യാപികയും മറ്റ് ഏഴ് അധ്യാപികമാരും രണ്ട് അനധ്യാപികമാരും സ്കൂളിന്റെ പരിസരത്തുള്ള കുട്ടികളും ഉൾപ്പെടെ 58 വിദ്യാർത്ഥികളുമായാണ് സ്കൂൾ ആരംഭിച്ചത്. മാതാപിതാക്കളുടെ വലിയൊരു പിൻതുണ എനിക്കുണ്ടായിരുന്നു. ഒന്നാം ക്ലാസ്സ് മുതൽ ആറാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകൾ ആരംഭിച്ചു. ഇപ്പോൾ കെ.ജി സെക്ഷൻ നടക്കുന്ന ഒറ്റ കെട്ടിടം മാത്രമേ അന്നിവിടെ ഉണ്ടായിരുന്നുള്ളു. അതോടൊപ്പം ചേർന്ന് വിമലഹൃദയ സ്പെഷ്യൽ സ്കൂളും ഉണ്ടായിരുന്നു. സിസ്റ്റേഴ്സിന്റെ താമസവും ചാപ്പലും എല്ലാം ഈ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ആയിരുന്നു.

സ്കൂൾ തുടങ്ങി, Application -നെ കുറിച്ച് യാതൊരു വിവരവും ലഭിച്ചില്ല. നിസ്സാഹായയായി പല സ്കൂളുകളുടെ വാതിലുകളും മുട്ടി. അല്പം ആശ്വാസം പകർന്നത് മങ്ങാട് പ്രേഷിത മാതാ സ്കൂ ളാണ്. അവർ അയച്ചതിന്റെ കോപ്പി എടുത്തു കൊണ്ടു വന്ന്, ഐ.സി.എസ്.സി.കൗൺസിലുമായി ബന്ധപ്പെട്ട് അവരുടെ നിർദ്ദേശപ്രകാരം കാര്യങ്ങൾ ചെയ്തു. N.O.C യ്ക്ക് വേണ്ടി വളരെയേറെ ക്ലേശങ്ങൾ സഹിച്ചു. അന്നത്തെ D.E.O യുടെ ശ്രമഫലമായി ബാംഗ്ലൂരിൽ നിന്നും Mrs. Boluo Madam Inspection നെത്തി. ഗ്രൗണ്ട്, ലൈബ്രറി, ലാബ് തുടങ്ങി ഒരു സ്കൂളിനു വേണ്ടതെല്ലാം ഈശ്വരൻ ഒരുക്കിത്തന്നു. 2001 April 1st ന് നമ്മുടെ സ്കൂളിന് അംഗീകാരം കിട്ടി. രജിസ്ട്രേഷൻ കഴിഞ്ഞ് ഒരു വർഷവും പിന്നീട് 2016- 2019 വരെ മൂന്നു വർഷവും ഈ സ്കൂളിൽ പ്രധാനാധ്യാപികയായി സേവനമനുഷ്ഠിക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. 2001 ജൂണിൽ Rev.Mother Rexia Mary യുടെ കൈകളിൽ സ്കൂളിനെ ഏല്പിച്ചു ഏറെ കൃതാർത്ഥതയോടെ ഞാൻ പടിയിറങ്ങി. വിശ്വസ്തതയോടെ, അഭിമാനത്തോടെ, ധീരതയോടെ Rev. Mother Rexia Mary വിമലഹൃദയ ഐ.സി.എസ്.സി. സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തു. കണ്ണിൽ എണ്ണയൊഴിച്ച്, അശ്രാന്ത പരിശ്രമം ചെയ്ത് സ്കൂളിന് വേണ്ടി എല്ലാം ത്യജിച്ച് ഒരു വ്യാഴവട്ടക്കാലം, പ്രധാനാധ്യാപികയായി സ്കൂളിനെ നയിക്കാനും നമ്മുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കുവാനും Rev. Mother Rexia Mary യ്ക്ക് കഴിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ വിമലഹൃദയ ഐ.സി. എസ്.സി. സ്കൂളിന്റെ നട്ടെല്ലായിരുന്നു Rev.Mother Rexia Mary. പിന്നീട് വന്ന എല്ലാ മേലധികാരികൾ, വൈസ് പ്രിൻസിപ്പിൾമാർ, ടീച്ചേർസ്, അനധ്യാപകർ, മാതാപിതാക്കൾ കുട്ടികൾ എഫ്.ഐ.എച്ച്. സന്ന്യാസിനി സമൂഹം മുഴുവൻ സ്കൂളിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചു.

ഇന്നെനിക്ക് അഭിമാനിക്കാൻ ഏറെ വകയുണ്ട്. നമ്മുടെ വിമലഹൃദയ ഐ.സി.എസ്.സി. സ്കൂൾ കൊല്ലം ജില്ലയിലെ 100% റിസൾട്ടുള്ള നമ്പർ വൺ സ്കൂളായി മാറിയിരിക്കുന്നു. റിസൾട്ടിൽ മാത്രമല്ല, സ്വഭാവ രൂപീകരണത്തിലും, അച്ചടക്കത്തിലും, ആത്മീയതലത്തിലുമെല്ലാം നമ്മുടെ സ്കൂൾ മുന്നിട്ടു നില്ക്കുന്നു. ഇനിയും നമ്മുടെ സ്കൂൾ വിജയത്തിന്റെ ചവിട്ടു പടികൾ കയറി ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് എത്തട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

*സിസ്റ്റർ ശാലിനി മേരി*

## ഭൂമിയിലെ പറുദീസ



"അന്യ ജീവനുതകീ സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" എന്ന കുമാരനാശാന്റെ പ്രസിദ്ധമായ വരികൾ അർത്ഥവത്താക്കുന്ന തരത്തിലുള്ള ഒരു ജീവിതമാണ് "ഭൂമിയിലെ മാലാഖമാരായ എഫ്. ഐ. എച്ച് കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സ് അനുവർത്തിച്ചു പോന്നത്."

ഈ സന്ന്യാസിനി സമൂഹത്തിന്റെ കൊല്ലം ജില്ലയിലെ ആദ്യത്തെ സ്കൂളായ കാഞ്ഞിരകോടുള്ള സെന്റ് മാർഗരറ്റ് ഗേൾസ് ഹൈസ്കൂളിൽ പഠിക്കുവാനും 1992--2000 വരെ അവരുടെ സ്കൂളായ പട്ടത്താനം വിമലഹൃദയ എൽ.പി.യിലും, 2000 മുതൽ 2025 ജൂബിലി വർഷം ആഘോഷിക്കുന്ന വിമലഹൃദയ ഐ.എസ്.സി.സ്കൂളിലും പഠിപ്പിക്കുവാനുമുള്ള ഭാഗ്യം ദൈവം എനിക്ക് നല്കി. സ്നേഹത്തിന്റെ പൊൻ കിരണങ്ങൾ കൊണ്ട് പൊതിഞ്ഞ്, ഏത് വിഷമഘട്ടത്തെയും തരണം ചെയ്ത് മുന്നേറാൻ എന്നെ പ്രാപ്തയാക്കിയ വിമലഹൃദയ എഫ്. ഐ. എച്ച് കോൺഗ്രിഗേഷനിലെ എല്ലാ സിസ്റ്റേഴ്സിനേയും പ്രത്യേകിച്ച് ഞങ്ങളുടെ മദർ ജനറലായിരുന്ന Rev.Mother Rexia Mary യേയും ഇപ്പോഴത്തെ Mother General ആയ Rev.Mother Renora Mary യേയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

മനുഷ്യമനസ്സിനെ മാറ്റിമറിക്കാൻ കഴിയുന്ന ഏറ്റവും വലിയ ആയുധമാണ് വിദ്യാഭ്യാസം. നെൽസൺ മണ്ടേലയുടെ അഭിപ്രായത്തിൽ, 'മനുഷ്യ ഹൃദയങ്ങളിലെ ഇരുളകറ്റി ജീവിത പാതയിൽ അവന് പ്രത്യാശ പകരുന്ന പ്രകാശ രശ്മിയാണ് വിദ്യാഭ്യാസം.' ഇന്ത്യൻ ഭരണഘടന അനുസരിച്ച് പ്രാഥമിക വിദ്യാഭ്യാസം എന്നത് നമ്മുടെ മൗലീകാവകാശമാണ്. ദൈവഹിതമനുസരിച്ച് എഫ്. ഐ. എച്ച്. സന്ന്യാസിനി സഭയ്ക്ക് ഇന്ത്യയിൽ, കേരളം, തമിഴ്നാട്, കർണാടകം, ഛത്തീസ്ഗഡ്, ആന്ധ്രാപ്രദേശ്, ഹരിയാന, ഡൽഹി, ജാർഖണ്ഡ്, ബീഹാർ, രാജസ്ഥാൻ, മേഘാലയ, ഹിമാചൽപ്രദേശ് മുതലായ സംസ്ഥാനങ്ങളിൽ എയ്ഡഡ്, അൺഎയ്ഡഡ്, ഐ.സി. എസ്.ഇ, സി.ബി.എസ്.ഇ സിലബസുകളുള്ള സ്കൂളുകളുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാഭ്യാസരംഗത്ത് പുത്തൻ ഉണർവുണ്ടാക്കി വിദ്യാഭ്യാസ മേഖലയിലൂടെ സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന ഒരു പുത്തൻ തലമുറയെ വാർത്തെടുക്കുന്നതിൽ പൊൻ തൂവലുകളാണ് എഫ്. ഐ. എച്ച്. കോൺഗ്രിഗേഷന്റെ ആദ്യത്തെ സ്കൂളായ കാഞ്ഞിരകോട് സെന്റ് മാർഗ്രറ്റ് ഗേൾസ് ഹൈസ്കൂൾ, പട്ടത്താനം വിമലഹൃദയ ഗേൾസ് ഹൈസ്കൂൾ, കോവിൽത്തോട്ടം ലൂർദ്ദ് മാതാ സെൻട്രൽ സ്കൂൾ, മങ്ങാട് പ്രേഷിത മാതാ ഐ. സി. എസ്. ഇ സ്കൂൾ, 100 ശതമാനം വിജയം കൊയ്യുന്ന പഴയാറ്റിൻകുഴിയിലെ വിമലഹൃദയ ഐ.എസ്. സി. സ്കൂൾ തുടങ്ങിയവ. കാഞ്ഞിരകോട് സെന്റ് മാർഗ്രറ്റ് ഗേൾസ് ഹൈസ്കൂളിൽ പഠിച്ച എനിക്ക് ഇപ്പോഴും എന്റെ പ്രഥമാധ്യാപികയായ സിസ്റ്റർ ജത്രൂഡ് മേരിയുടെ ആ പുഞ്ചിരിക്കുന്ന മുഖം മറക്കാൻ കഴിയില്ല. സ്കൂൾ ജീവിതം എത്രയോ സുന്ദരമാണ്

2000 മുതൽ ഈ ജൂബിലി വർഷം വരെ നമ്മുടെ സ്കൂളിനെ നയിച്ച പ്രിൻസിപ്പൽമാരായ Sr. Shalini Mary, Rev.Mother Rexia Mary, Sr. Adolf Mary, Sr.Norma Mary, Vice Principals, Teachers, Non-teaching staff , Students, Parents തുടങ്ങി ഈ സ്കൂളിന്റെ ഓരോ ചുവരിലും പ്രവർത്തിച്ചിട്ടുള്ള എല്ലാവരും അവരുടെ കടമകൾ കൃത്യമായി നിർവഹിച്ചു പോന്നു. ഈ അവസരത്തിൽ റവ. മദർ റക്സിയാമേരിയുടെ സേവവനങ്ങളെ ഞാൻ പ്രത്യേകമായി ഓർക്കുകയാണ്. കൊല്ലം ജില്ലയിൽ പടർന്നു പന്തലിച്ചു സുഗന്ധം പരത്തുന്ന വിമലഹൃദയ ഐ.എസ്.സി സ്കൂളാകുന്ന പൂന്തോട്ടത്തിലെ സവിശേഷ കുസുമമായിരുന്നു സ്നേഹനിലാവായ റവ. മദർ റക്സിയ മേരി. 2001 മുതൽ ഒരു വ്യാഴവട്ടക്കാലം വിമലഹൃദയ ഐ.എസ്.സി സ്കൂളിന്റെ നട്ടെല്ലായി നിന്നുകൊണ്ട് നിശ്ചയദാർഢ്യത്തോടും, അർപ്പണബോധത്തോടും, അച്ചടക്കത്തോടും സർവ്വോപരി പ്രാർത്ഥനാരൂപിയോടും കൂടി എല്ലാ പ്രതിസന്ധിഘട്ടങ്ങളേയും തരണം ചെയ്ത് സ്കൂളിനെ നയിച്ചുകൊണ്ടുപോകുവാൻ റവ. മദർ റക്സിയാ മേരിക്ക് കഴിഞ്ഞു. എന്നെ ഞാനാക്കി മാറ്റിയ മദറിന് നന്ദിയുടെ, പ്രാർത്ഥനയുടെ ഒരായിരം സ്തുതികൾ. ഞങ്ങളുടെ ഇപ്പോ ഴത്തെ Principal Sr. Hema Mary വളരെ ശാന്തതയോടുകൂടി തന്റെ കൃത്യനിർവഹണത്തിൽ ഉറച്ചു

Contd. Page 2





# സ്നേഹാശംസകളോടെ...



**അഡ്വ. നടയ്ക്കൽ കെ. പ്രസാദ്**
(മുൻ അഡിഷണൽ നിയമസെക്രട്ടറി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം)

അക്ഷരങ്ങളുടേയും അറിവിന്റേയും ലോകത്ത് തികഞ്ഞ ആത്മാർത്ഥതയോടെ പ്രവർത്തിച്ച് സിൽവർ ജൂബിലിയുടെ നിറവിലേക്ക് കടക്കുന്ന വിമലഹൃദയ ഐ.എസ്.സി സ്കൂളിന് ഈ മഹത്തായ വേളയിൽ ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങളും അഭിനന്ദനങ്ങളും അർപ്പിക്കുന്നു. ഒരു വിദ്യാലയത്തിന്റെ യഥാർത്ഥ മഹത്വം കെട്ടിടങ്ങൾക്കും മറ്റ് ഭൗതികസൗകര്യങ്ങൾക്കും അപ്പുറം, ആ വിദ്യാലയത്തിലൂടെ പഠിച്ച് വളർന്ന് സമൂഹത്തിന് മാതൃകയാകുന്ന തലമുറകളാണ്. സ്കൂളിലെ പഠന-പഠനേതര പ്രവർത്തനങ്ങളിലൂടെയാണ് അവർ ലോകത്തെ കാണാനും അറിയാനും ജിജ്ഞാസയുള്ള പൗരൻമാരായി വളരാനുമിടയായത്. ഒരുപക്ഷേ വീടുകളിൽ അച്ഛനുമമ്മയ്ക്കുമൊപ്പം ചെലവിടുന്നതിനേക്കാളേറെ സമയം സ്കൂൾ അങ്കണത്തിൽ അധ്യാപകരോടൊപ്പമാണ് കുട്ടികൾ ജീവിക്കുന്നത്. സ്വഭാവരൂപീകരണത്തിലേയും ജീവിതവീക്ഷണത്തിലേയും നല്ല പാഠങ്ങൾ അവർ സ്വായത്തമാക്കുന്നത് സ്കൂളുകളിൽ നിന്നാണ്.

ചിട്ടയോടെ, അനുശാസനത്തോടെ മാനവ മൂല്യങ്ങളും പ്രതിസന്ധികളെ അതിജീവിക്കാനുള്ള ഊർജവും പകർന്ന് നൽകി തലമുറകളെ വളർത്തിയെടുക്കുന്ന വിമലഹൃദയയുടെ സമർപ്പണത്തിന് നന്ദി. എന്റെ രണ്ട് പുത്രിമാരേയും ഈ മഹത്തായ വിദ്യാലയത്തിൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിപ്പിക്കാൻ കഴിഞ്ഞതിൽ ഒരു രക്ഷിതാവെന്ന നിലയിൽ അഭിമാനമുണ്ട്. അവർക്ക് ലഭിച്ച വിദ്യാഭ്യാസവും മൂല്യാധിഷ്ഠിത ജീവിത പാഠങ്ങളും അവരുടെ ജീവിതയാത്രയ്ക്ക് നല്ല അടിത്തറ പണിതു.

വിദ്യാർത്ഥികളുടെ വളർച്ചാ പടവുകളിൽ വിളക്കായി നിലകൊണ്ട ആദരണീയയായ മദർ, പ്രിൻസിപ്പൽ, അധ്യാപകർ, മാനേജ്മെന്റ് എന്നിവർക്കെല്ലാം ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഇതേ ആത്മവിശ്വാസത്തോടും ചൈതന്യത്തോടും പ്രതിജ്ഞാബദ്ധതയോടും വരും വർഷങ്ങളിലും അറിവിന്റെ പ്രകാശം തലമുറകളിലേക്ക് പകരാൻ വിമലഹൃദയ ഐ.എസ്.സി. സ്കൂളിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു

Contd. from Page 1

നിന്നുകൊണ്ട്, എല്ലാവരേയും ഒരു കുടക്കീഴിൽ നിർത്തി ഐക്യത്തോടും പ്രാർത്ഥനയോടും അച്ചടക്കത്തോടും സ്കൂളിനെ നയിച്ചു കൊണ്ടു പോകുന്നു. ഞങ്ങളുടെ ഇപ്പോഴത്തെ സ്കൂൾ മാനേജർ Sr. Leeja Mary, Vice Principal Sr. Neema Maryയും ഈ സ്കൂളിന്റെ ഉന്നമനത്തിനായി Principal Sr. Hema Mary യോടൊപ്പമുണ്ട്. ഈ സ്കൂളിന്റെ ഉയർച്ചയുടെ പിന്നിൽ പ്രാർത്ഥനയുടെ, സ്നേഹത്തിന്റെ, ഐക്യത്തിന്റെ നന്മയുടെ ഒരു ശക്തിയുണ്ട്. 'എവിടെ ഐക്യമുണ്ടോ അവിടെ ഈശ്വരനുണ്ട് ' എന്ന ബൈബിൾ വാക്യം അർത്ഥവത്താകുന്ന തരത്തിലാണ് സ്കൂളിന്റെ മുന്നേറ്റം. ഒരമ്മയുടെ സ്നേഹവാത്സല്യങ്ങൾ തന്ന് ഞങ്ങളെ നയിച്ചുകൊണ്ടുപോകുന്ന Principal Sr. Hema Mary യേയും എല്ലാ സിസ്റ്റേഴ്സിനേയും നന്ദിയോടെ സ്മരിക്കുന്നു.

'താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു. വിളിച്ചവരെ നീതീകരിച്ചു. നീതീകരിച്ചവരെ മഹത്വപ്പെടുത്തി.' (റോമ 8.30) എന്ന ബൈബിൾ വാക്യം അർത്ഥവത്താക്കുന്ന രീതിയിൽ തങ്ങളെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കി Rev. Mother Rexia Mary തന്റെ പിൻഗാമിയായ Rev. Mother Renora Maryയെ ഏല്പിക്കുമ്പോൾ വിമലഹൃദയ സന്ന്യാസിനി സഭയുടെ വിജയ ത്തിന്റെ ജൈത്രയാത്ര തുടരുകയാണ്. പട്ടത്താനം വിമലഹൃദയം എൽ.പി. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വൈസ് പ്രിൻസിപ്പാളായി സേവനമനുഷ്ഠിക്കുമ്പോഴാണ് Rev. Mother Renora Mary യെ ഞാൻ ആദ്യമായി കാണുന്നത്. അന്നത്തെ പ്രിൻസിപ്പാൾ ആയ Sr. Philis Mary എന്നെ മദറിനെ പരിചയപ്പെടുത്തി. അന്നത്തെ English Rank Holder ആയിരുന്നു മദർ. അന്നുമുതൽ ഇന്നുവരെ മദറിന്റെ സേവനം എഫ്. ഐ.എച്ച്. കോൺഗ്രിഗേഷന് ഒരു മുതൽക്കൂട്ടാണ്. Rev. Mother Rexia Mary യുടെ 12 വർഷത്തെ സ്തുസ്ത്യർഹ സേവനത്തിനു ശേഷം എഫ്. ഐ. എച്ച്. സന്ന്യാസിനീ സമൂഹത്തെ നയിക്കുവാൻ ഭാഗ്യം ലഭിച്ച Rev. Mother Renora Mary യെ തെരഞ്ഞെടുത്തത് ഈശ്വരന്റെ കയ്യൊപ്പോടെയാണ്. കഴിഞ്ഞ 7 മാസക്കാലയളവു കൊണ്ടു തന്നെ, തനിക്ക് ഫ്രാൻസിസ്കൻ സഭയെ നയിക്കാൻ കഴിയുമെന്ന് Rev. Mother Renora Mary തെളിയിച്ചു കഴിഞ്ഞു. അവസാനം വരെ അതിനുള്ളകരുത്ത് ഈശ്വരൻ മദറിന് നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇന്ത്യ മുഴുവൻ തലയെടുപ്പോടെ, ഒരു പൂങ്കാവനമായി പടർന്നു പന്തലിച്ചു നില്ക്കുന്ന ഫ്രാൻസിസ്കൻ സന്ന്യാസിനി സഭയും അതിന്റെ പ്രവർത്തനങ്ങളും കാലമേറെ കഴിഞ്ഞാലും മാനവമനസ്സുകളിൽ മഹാതേജസ്സോടെ ഉയർന്നു തന്നെ നില്ക്കും. ഇനിയും കോടിക്കണക്കിന് പാവങ്ങളുടെ താങ്ങായി, തണലായി, വിമലഹൃ ദയത്തിന്റെ കെടാവിളക്കായി ഈ സന്ന്യാസിനി സമൂഹം കത്തി ജ്വലിച്ച് ശോഭിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**മേരിക്കുട്ടി പി. എസ്**



**Neethu Z**
Fisheries Officer
Dept.of Fisheries
Govt. of Kerala

# As I look back on my journey

As I look back on my journey, I realize that everything I am today — in my career, character, and life — has its roots in my school. The discipline I follow, the values I uphold, and the strength to face challenges were all instilled in me during those precious years.

I still remember my classroom — filled with laughter, lessons, and friendships that shaped who I am. I used to sing in the assembly choir, and those mornings, standing with my friends and singing together, remain some of my most cherished memories. The Sisters in school were like guiding angels — nurturing us with love, patience, and discipline. Their gentle guidance taught me the importance of humility, compassion, and perseverance, lessons that continue to guide me even today.

My school was not just an institution; it was a family that molded me into who I am. It gave me not only education but also values — honesty, kindness, and respect — which became the foundation of my personal and professional life. Whatever I have achieved today, the seed of it was planted there — through the care of my teachers, the guidance of the Sisters, and the inspiring atmosphere of the school that always encouraged us to do our best.

As the school celebrates its Silver Jubilee, my heart is filled with pride and gratitude. I extend my heartfelt wishes to the management, Sisters, teachers, staff, and students. May this wonderful institution continue to inspire and nurture generations, just as it did for me.

## *Nurturing Young Minds with love and dedication*



**Joe Savio Ignatius**
Civil sup:

As a proud parent of VHISC Pazhayattinkuzhi, I feel blessed to share my thoughts on this momentous Silver Jubilee celebration.

Education is not just about books and classrooms—it shapes our children's future, fills their hearts with hope, and gives them wings to soar. For twenty-five precious years, Vimala Hridaya ISC Pazhayattinkuzhi has been doing exactly this, nurturing young minds with love and dedication.

In Kollam, when parents discuss the best schools for their children, VHISC Pazhayattinkuzhi naturally tops the list. This trust didn't come overnight—it's been earned through years of excellence, commitment, and genuine care for every child who walks through these doors.

When I first walked through the school gates, my heart found peace. Nestled in nature's lap, away from the city's chaos, our school stands as a sanctuary of learning. The beautifully designed buildings, spacious classrooms, well-equipped laboratories, and the vibrant playground—everything speaks of thoughtful planning and genuine care for our children.

Yes, the ICSE syllabus is challenging, but isn't that what prepares our little ones for life's bigger battles? What makes the difference here are our teachers—they pour their hearts into making every lesson meaningful. They don't just teach; they inspire, guide, and believe in each child.

As parents, when we join hands with these dedicated teachers, magic happens. Our children bloom, excel, and make us proud beyond words.

And it's not just academics! The sports field has witnessed countless victories. Our children return from competitions with medals around their necks and confidence in their eyes—treasures more valuable than gold.

Twenty-five years of shaping futures, twenty-five years of touching lives, twenty-five years of keeping the flame of knowledge burning bright!

As we celebrate this Silver Jubilee, my prayer is simple: May VHISC Pazhayattinkuzhi continue to grow from strength to strength, touching more lives, creating more success stories, and remaining the beacon of hope for families like ours.

JAI HIND

## *Every Moment at Vimala Hridaya became Precious*



**Dr Rehna Rahman**
Proud Vimalite – First Batch
Divisional Medical Officer
Southern Railways

I remember my first day at Vimala Hridaya ICSE School as clearly as if it were yesterday, though nearly two decades have passed.

I arrived with teary eyes and a reluctant heart, transferred mid-term, with hardly any time to prepare myself for a change I never wanted. Everything felt unfamiliar, and I chose silence and stubbornness as my shield.

My classmates and teachers made sincere attempts to comfort me, but the adamant teenager in me refused to yield. Then came an unexpected moment that changed everything. My teacher accidentally fell from her chair, and I laughed aloud at the sudden commotion. Almost instantly, fear replaced laughter. I knew I had crossed a line. A scolding seemed inevitable. But it never came. Instead, she looked at me with a warm smile and said gently, "I am happy—at least you are happy now." In that moment, compassion spoke louder than reprimand. Dear Marykutty Miss, I still carry an apology in my heart—and an eternal gratitude.

From that day on, every moment at Vimala Hridaya became precious. Like any child, I made mistakes—some small, some serious. Yet, I was never scarred by them. My teachers and principal chose understanding over punishment, guidance over fear. They helped me recognise my flaws, correct myself, and grow.

Vimala Hridaya taught me far more than science or language. It shaped my character. Through compassionate discipline, meticulous teaching, and tireless dedication, the school carved a better version of me from the ordinary.

The strong foundation of love, trust, and knowledge I received here has helped me face life's adversities with a smile—and reminded me always to pass that smile on, to lend a hand whenever I can.





Rev. Sr. Adolf Mary FIH
Principal (2013 - 15)

Rev. Sr. Norma Mary FIH
Principal (2015 - 20)

# ഓർമ്മകൾക്കെന്തു സുഗന്ധം!



**ഐവി. ജെ.**

തിരിഞ്ഞു നോക്കുമ്പോൾ എന്റെ മനസ്സിന്റെ ജാലകവാതിലിനരികെ വിടർന്നു പരിലസിക്കുന്ന സുഗന്ധപൂരിതമായ ഒരു പനിനീർപ്പൂവാണ് കൊല്ലം ജില്ലയിലെ പഴയാറ്റിൻകുഴിയിൽ അറിവിന്റെ നിറദീപമായി നിലകൊള്ളുന്ന വിമലഹൃദയ ഐ.എസ്.സി.സ്കൂൾ. ഗണിശാസ്ത്രാധ്യാപികയെന്ന നിലയിൽ എന്റെ വളർച്ചയുടെ ആദ്യചുവടുകൾ വിമലഹൃദയ ഐ.എസ്.സി.വിദ്യാലയത്തിന്റെ തിരുമുറ്റത്ത് നിന്നായിരുന്നു. 2001-ലെ ജൂൺ മാസത്തിലാണ് എന്റെ അധ്യാപന ജീവിതം ഈ വിദ്യാലയത്തിലെ ക്ലാസ്സ് മുറികളിൽ സമാരംഭിക്കുന്നത്. 2001മുതൽ 2021മാർച്ച് വരെയുള്ള കാലഘട്ടം ഈ വിദ്യാലയത്തിന്റെ ഹൃദയ സ്പന്ദനങ്ങളേറ്റുവാങ്ങിക്കൊണ്ട് ഗണിതശാസ്ത്രധ്യാപികയെന്നനിലയിൽ വിദ്യാർത്ഥിമനസ്സുകളലൂടെ സഞ്ചരിക്കാൻ കഴിഞ്ഞത് ദൈവം എനിക്ക് നൽകിയ വരദാനമെന്ന തിരിച്ചറിവ് ഇന്നും എന്റെ ഓർമ്മകളിൽ കുളിര് കോരിയിടുന്നു.

ഈ വിദ്യാലയത്തിൽനിന്നും ലഭിച്ച അധ്യാപന ജീവിതത്തിലെ അമൂല്യ അനുഭവങ്ങളാണ്. ഹയർ സെക്കന്ററി അധ്യാപികയെന്ന നിലയിൽ മുന്നോട്ടുള്ള വഴികളിൽ എനിക്ക് വെളിച്ചമായി പരിണമിച്ചത്.

ചരിത്ര പ്രാധാന്യം നിറഞ്ഞ കൊല്ലത്തിന്റെ മണ്ണിൽ വിമലഹൃദയ ഐ.എസ്.സി.സ്കൂളിന് മികച്ച വിദ്യാലയം എന്ന പേര് നേടികൊടുക്കുന്നതിൽ മികവാർന്ന പ്രവർത്തനം കാഴ്ചവച്ച മഹനീയ വ്യക്തിത്വമായിരുന്നു Rev.Mother Rexia Mary. വിദ്യാലയത്തിന്റെ പ്രിൻസിപ്പാൾ എന്ന നിലയിൽ Rev. Mother Rexia Mary യുടെ അസാധ്യമായ കഴിവുകളെ അത്ഭുതാദരവുകളോടെ മാത്രമേ ഓർമ്മിക്കാൻ കഴിയുകയുള്ളൂ. ഓരോ വിദ്യാർത്ഥിയെയും കുറിച്ചുള്ള വിശദമായ അറിവും, ഉൾക്കാഴ്ചയുമുണ്ടായിരുന്ന മദറിന് ചുരുങ്ങിയ കാലം കൊണ്ടുതന്നെ ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായ വിമലഹൃദയ ഐ.എസ്.സി.സ്കൂളിനെ മാറ്റിയെടുക്കാൻ കഴിഞ്ഞു.

എന്റെ ഓർമ്മകളിൽ പൂത്തുലയുന്ന, നിതാന്തസുഗന്ധം പരത്തുന്ന റോസാപുഷ്പങ്ങളാണ് ഈ വിദ്യാലയത്തിലെ പ്രഥമ പത്താം ക്ലാസ് ബാച്ചിലെ വിദ്യാർത്ഥിനികളായ പല്ലവി, ധന്യ, രഹന, ബിൻസി.... തുടങ്ങിയവർ. ഒരു ആത്മാർത്ഥ സുഹൃത്തിനോടെന്നപോലെ എന്നോട് അടുത്തിടപഴകിയ വിദ്യാർത്ഥി സമൂഹത്തിന്റെ സ്നേഹം അനുസ്യൂതമൊഴുകുന്നൊരു നദിയായി എന്റെ അധ്യാപന ജീവിത്തെ തരളിതമാക്കുന്നു. ഈ വിദ്യാലയത്തിലെ ആഘോഷങ്ങൾക്കെന്നും ഉത്സവലഹരിയായിരുന്നു. അത്തപ്പൂക്കള മത്സരം, ആർട്സ് & സ്പോർട്സ് ഹൗസ് ലെവൽ ടീം സ്പിരിറ്റ്, സിസ്റ്റേഴ്സിന്റെയും ടീച്ചേഴ്സിന്റെയും പ്രോഗ്രാമുകൾ ഗൃഹാതുരതയുണർത്തുന്ന ദീപ്തസ്മരണകളായി നിലകൊള്ളുന്നു.എന്റെ വ്യക്തിജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ വ്യക്തിത്വമായിരുന്നു Rev. Mother Rexia Mary. പ്രതിസന്ധി ഘട്ടങ്ങളിൽ ശരിയായ തീരുമാനങ്ങളെടുക്കുന്നതിന് എന്നെ ഏറെ സഹായിച്ച മദർ സുപ്പീരിയർ എന്നിലർപ്പിച്ച വിശ്വാസം എന്റെ കഴിവുകളെ തിരിച്ചറിയാനും, മികവുറ്റതാക്കി മാറ്റാനുമുള്ള സുവർണാവസരങ്ങളായിരുന്നു. പ്രചോദനാത്മകമായ Rev. Mother Rexia Maryയുടെ വ്യക്തിത്വത്തെ ഹൃദയപൂർവം ഓർമ്മിക്കുന്നു.

ഈ വിദ്യാലയത്തിൽ തളിരിട്ട സൗഹൃദങ്ങൾ ഇന്നും എന്റെ ജീവിത്തിൽ ഹരിതാഭമായി നിലകൊള്ളുന്നുവെന്ന യാഥാർത്ഥ്യം ഏറെ അഭിമാനത്തോടെ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ഒരു കുടുംബം പോലെ ഒരുമയിൽ സൗഹൃദത്തിന്റെ ആഴങ്ങൾ ഹൃദയാന്തരങ്ങളിൽ സ്നേഹസ്പർശമായി പടരുന്നു..എല്ലാവരിൽനിന്നും തികച്ചും വ്യത്യസ്തമായ വ്യക്തിത്വമായിരുന്നു പൗളിൻ ആൻണി. ഒത്തിരി കഴിവുകളുള്ള, ശാന്തമായി, അതിമനോഹരമായി എല്ലാ കാര്യങ്ങളും ഭംഗിയാക്കുന്ന ..... കുട്ടികളുടെ പ്രിയപ്പെട്ട അധ്യാപിക..... എന്റെ ചങ്കായിരുന്ന കൂട്ടുകാരി...... എന്നെ നല്ല ഒരു കരിയറിലേക്ക് കൈപിടിച്ചു നടത്തിയ പോറ്റമ്മയാണ്. വിമലഹൃദയ ഐ.എസ്.സി.സ്കൂൾ എന്ന ഈ വിധ്യാലയം. അികവിന്റെ ഉയരങ്ങൾ സ്വന്തമാക്കാൻ എനിക്കേറ്റവും പ്രിയപ്പെട്ട ഈ വിദ്യാലയം, ഇനിയും കൂടുതൽ കാതങ്ങൾ മുന്നേറുവാൻ സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# ഓർമ്മയുടെ ഓളങ്ങളിൽ



**നൈഷ മൈക്കിൾ**

പഴയാറ്റിൻകുഴി വിമലഹൃദയ ഐ.സി.എസ്.സി. സ്കൂളിൽ കാലു കുത്തിയ 2000-ാം മാണ്ട് ജൂലൈ 24-ാം തീയതി എന്റെ ഓർമ്മയിൽ നിന്നും ഒരിക്കലും മാഞ്ഞു പോകില്ല.

Sr. Shalini Mary പ്രഥമാധ്യാപികയായി Rev.Sr. Adolf Mary ദീപം കൊളുത്തി, ഞങ്ങൾ എട്ട് അധ്യാപികമാരും, രണ്ട് അനധ്യാപികമാരും, പട്ടത്താനം എൽ.പി. സ്കൂളിൽ നിന്നും വന്ന കുട്ടികൾ ഉൾപ്പെടെ 58 കുട്ടികളുമായി സ്കൂൾ ആരംഭിച്ചു. 1 മുതൽ 6 വരെയുള്ള ക്ലാസ്സുകൾ ഇവിടുത്തെ എൽ.കെ.ജി സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടത്തിലായിരുന്നു. വളരെ സന്തോഷഭരിതമായ അന്തരീക്ഷത്തിലാണ് എല്ലാവരും മുൻപോട്ടു പൊയ്ക്കൊണ്ടിരുന്നത്. ഒരു വർഷം പിന്നിട്ടപ്പോൾ 2001ൽ Rev.Mother Rexia Mary ഞങ്ങളുടെ സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തു. കൃത്യനിഷ്ഠയിലും, അച്ചടക്കത്തിലും, പഠനത്തിലും, ആധ്യാത്മികതയിലുമെല്ലാം കുട്ടികൾക്കും ഞങ്ങൾക്കും ഒരു മാതൃക തന്നെയായിരുന്നു Rev.Mother Rexia Mary. മദറിന്റെ ഈ ഉത്തരവാദിത്തത്തോടെയുള്ള നീക്കങ്ങളായിരുന്നു നമ്മുടെ സ്കൂളിനെ ഇന്നത്തെ നിലവാരത്തിലേക്ക് ഉയർത്തിയത്. പിന്നീട് വന്ന എല്ലാ പ്രഥമാധ്യാപികമാർ, അധ്യാപകർ, അനധ്യാപകർ തുടങ്ങി എല്ലാവരുടെയും ഒരുമിച്ചുള്ള അദ്ധ്വാനത്തിന്റെ ഫലമായി കൊല്ലം ജില്ലയിലെ 100% വിജയം കൊയ്യുന്ന സ്കൂളായി വിമലഹൃദയ ഐ.എസ്.സി.മാറി.

എന്നെ സംബന്ധിച്ചിടത്തോളം ആത്മീയതയ്ക്കു മുൻതൂക്കം കൊടുക്കുന്ന ഒന്നാമത്തെ സ്കൂൾ ആണ് വിമലഹൃദയ ഐ.എസ്.സി. നമ്മുടെ Principal Sr. Hema Maryയുടെ സാരഥ്യത്തിൽ Vice Principal Sr. Neema Maryയും Superior Manager Sr.Leeja Maryയും തങ്ങളാൽ കഴിയുന്ന വിധത്തിലെല്ലാം സ്കൂളിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്നു.

ഇനിയും നമ്മുടെ സ്കൂൾ വിജയത്തിന്റെ ചവിട്ടുപടികൾ പിന്നിട്ട് ഉയരങ്ങളിൽ എത്തട്ടെ എന്ന് ഈ ജൂബിലിദിനത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

# കൃതജ്ഞതയുടെ കൂപ്പുകരങ്ങൾ



**വിക്ടോറിയ ഫ്രാൻസിസ്**

സേവനത്തിന്റെ പാതയിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അനുഗ്രഹത്തിത്തിന്റെയും വെള്ളി വെളിച്ചം നിർല്ലോഭം വാരി വിതറിക്കൊണ്ട് 2000-ാം മാണ്ട് July 24 ന് വിമലഹൃദയ ഐ. എസ്. സി. സ്കൂൾ പ്രവർത്തനമാരംഭിച്ചു. കുരുന്നുകൾക്കായി അറിവിന്റെ വാതായനങ്ങൾ തുറന്ന്, സമഗ്രവികസനത്തിനായി അറിവിന്റെയും അനുഭവത്തിന്റെയും വേദിയൊരുക്കി 25 വർഷങ്ങൾ പിന്നിടുമ്പോൾ കൂപ്പുകരങ്ങളോടെ ദൈവത്തിന് നന്ദി അർപ്പിയ്ക്കട്ടെ.

ഭാവിതലമുറയെ രൂപപ്പെടുത്തുന്നതിൽ ആത്മീയവും ഭൗതീകവും കായികവും ധാർമ്മികവും സാംസ്കാരികവുമായ വളർച്ചയ്ക്കും സർഗ്ഗശക്തികളുടെ പരിപോഷണത്തിനും ഊന്നൽ നൽകി കൊണ്ടുള്ള അധ്യാപനരീതിയാണ് ഈ സ്ഥാപനത്തിന്റെ സവിശേഷമായ കർമ്മശൈലി. പാഠ്യവിഷയങ്ങളിൽ അവഗാഹമായ പാണ്ഡിത്യമുള്ള, അധ്യാപനം തപസ്യയായി സ്വീകരിച്ച സേവനസന്നദ്ധരായ അധ്യാപകവൃന്ദമാണ് ഇതിന്റെ ചാലകശക്തി. വിദ്യാർത്ഥികൾക്കെന്നും മാതൃകയും മാർഗ്ഗദീപവുമായി അവർ തികഞ്ഞ ഉത്തരവാദിത്തത്തോടും കൃത്യനിഷ്ഠയോടും കൂടി പാഠഭാഗങ്ങൾ ഹൃദിസ്ഥമാക്കിയെടുത്ത്, കൃത്യമായ വിലയിരുത്തലുകൾ നടത്തി സമയോചിതമായ ഉപദേശങ്ങൾ നൽകി ഓരോ വിദ്യാർത്ഥിയെയും വിജയപാതയിൽ എത്തിക്കുന്നതിന് അശ്രാന്തപരിശ്രമം ചെയ്യുന്നു. പാഠ്യേതര വിഷയങ്ങളിൽ ആഭിമുഖ്യം വളർത്തുന്നതിനും,വിദ്യാർത്ഥികളുടെ തിളക്കമാർന്ന വ്യക്തിത്വത്തിനും, അവരെ മൂല്യബോധമുള്ളവരും കലാകായികരംഗങ്ങളിൽ പ്രശോഭിതരും, മത്സരവേദികളിൽ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അധ്യാപകർ സദാസന്നദ്ധരാണ്. തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്ത്വങ്ങൾ ആത്മാർത്ഥമായി നിർവഹിക്കുന്ന അനധ്യാപകരായ എല്ലാ സഹപ്രവർത്തകരെയും ഈയവസരത്തിൽ സ്മരിക്കട്ടെ. അവരുടെ നിസ്തുലമായ സേവനങ്ങൾ വിലമതിയ്ക്കാനാവാത്തതാണ്.

എല്ലാറ്റിലും ഉപരി ഈ വിദ്യാലയത്തിന്റെ മാനേജ്മെന്റിന്റെ നിലപാടുകൾ എന്നും ശ്ലാഘനീയമാണ്. വിമലഹൃദയ ഫ്രാൻസിസ്കൻ സഭയുടെ ആത്മീയ ചൈതന്യത്താൽ നിറഞ്ഞ സന്ന്യാസിനി മാരുടെ നിസ്വാർത്ഥസേവനവും നേതൃത്വപാടവവും ത്യാഗസന്നദ്ധതയും ഈ വിദ്യാലയത്തെ ഉന്നതിയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു.

പാഠ്യപാഠ്യേതര വിഷയങ്ങളിൽ കൃത്യമായ ആസൂത്രണം നടത്തി, പദ്ധതികൾ നടപ്പിൽ വരുത്തി, വിദ്യാർത്ഥികളുടെ സുരക്ഷിതത്വവും സമഗ്രമായ വളർച്ചയും അവർ ഉറപ്പാക്കുന്നു. അധ്യാപകരെയും അനധ്യാപകരെയും രക്ഷിതാക്കളെയും ഏകോപിപ്പിച്ച് ജാതിമതഭേദമന്യേ ഏവരെയും മാനിച്ച് സമൂഹത്തോടൊപ്പം ചേർന്ന് നിന്ന് അവർ നട ത്തുന്ന മുന്നേറ്റങ്ങൾ നൂറുമേനി ഫലം ചൂടി നിൽ ക്കുന്ന കാഴ്ച അതിമനോഹരമാണ്. Rev.Mother Rexia Mary തുടങ്ങി കരുത്തുറ്റ സാരഥികളുടെ ഒരുനിര ഈ വിദ്യാലയത്തെ പരിപോഷിപ്പിച്ചു. ഞാൻ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച് 2012 ൽ തന്നെ ഈ വിദ്യാലയത്തിൽ പ്രവേശിച്ചു. ദൈവം എനിക്ക് കനിഞ്ഞു നൽകിയ മഹാഭാഗ്യം Rev. Mother Rexia Mary Principal ആയിരുന്ന കാലം. പഴയാറ്റിൻകുഴി വിമലഹൃദയ ഐ.സി.എസ്.ഇ. യെന്ന സ്നേഹത്തണലിൽ എന്നെ ചേർത്തുപിടിച്ച ആ കരങ്ങളെ എനിക്കൊരിക്കലും വിസ്മരിക്കാനാവില്ല. ഈ സ്കൂളിന്റെ ആരംഭം മുതൽ ഒരു വ്യാഴവട്ടക്കാലം Principal ആയിരുന്നു കൊണ്ട് എല്ലാക്കാര്യങ്ങളിലും സജീവ പങ്കാളിത്തം നൽകാൻ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥത്തിൽ അനുഗ്രഹം ലഭിച്ച നൻമമരമാണ് Rev.Mother Rexia Mary .ആ നാമം രേഖപ്പെടുത്താതെ ഈ വിദ്യാലയത്തിന്റെ ചരിത്രം പൂർത്തിയാവുകയില്ല. അറിവും ആത്മീയതയും സവിശേഷമായ കഴിവുകളും സമഗ്രമായി സമ്മേളിച്ച വ്യക്തിത്വം. ഈ വിദ്യാലയത്തിന്റെ ബാലാരിഷ്ടതകളെല്ലാം ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് അതിജീവിച്ച് ഇന്ന് നാം കാണുന്ന ബൃഹത്തായ ഒരു സംവിധാനത്തിലേയ്ക്ക് ഉയർത്തിയത് മദറിന്റെ കരങ്ങളാണ്. കുടുംബ പ്രശ്നങ്ങളുമായി കടന്നു വരുന്ന രക്ഷിതാക്കളെ ആശ്വസിപ്പിക്കുന്നതിനും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം ശ്രദ്ധിക്കുന്നതിനും, സാമ്പത്തികമായി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വിദ്യാർത്ഥികളെ ആരുമറിയാതെ സഹായിക്കുന്നതിനും, വലിയ തിരക്കുകൾക്കിടയിലും മദർ സമയം കണ്ടെത്തിയിരുന്നു.

2000-ാം മാണ്ട് July 24-നാണ് നമ്മുടെ വിമലഹൃദയ ഐ.സി. എസ്.സി. സ്കൂൾ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. Sr. Shalini Mary ആയിരുന്നു. അതിന്റെ സാരഥ്യം ഏറ്റെടുത്തത്. വെറും 58 കുട്ടികളും 8 അധ്യാപകരുമായി തുടങ്ങിയ സ്കൂൾ ഇന്നു പടർന്ന് പന്തലിച്ച് കൊല്ലം ജില്ലയിലെ ഒരു പൂങ്കാവനമായി മാറിയിരിക്കുന്നു. അതിന് ഒരു വ്യാഴവട്ടക്കാലം ചുക്കാൻ പിടിച്ച Rev.Mother Rexia Mary യേയും തുടർന്നു വന്ന എല്ലാ Principal മാരെയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോഴത്തെ എൽ.കെ.ജി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ ആയിരുന്നു Vimala Hridaya Special School. അവിടെ പ്രിൻസിപ്പാൾ ആയിരുന്ന Sr. Litty Mary യുടെയും ഇപ്പോഴത്തെ Principal Sr. Zaveriya Mary യുടെയും കഠിനാധ്വാനത്തിന്റെ ഫലമായി കുഞ്ഞു മക്കൾക്ക് വേണ്ട എല്ലാ പ്രോത്സാഹനങ്ങളും കൊടുത്തു അവരെ ഉയർച്ചയിൽ എത്തിക്കാൻ കഴിഞ്ഞു. രജതജൂബിലിയുടെ നിറവിലായിരിക്കുന്ന ഈ വിദ്യാലയം ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് ഉത്തരോത്തരം വളർന്ന് പന്തലിച്ച് സത്ഫലങ്ങൾ പുറപ്പെടുവിച്ച് നാടിനും ദേശത്തിനും അനുഗ്രഹദായകമാകട്ടെ. പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തണലിൽ ഈ വിദ്യാലയം എന്നും സുരക്ഷിതമായിരിക്കട്ടെ.





## Shape Bright and Confident learners

The kindergarten at Vimala Hridaya embodies the school's commitment to nurturing young minds with knowledge, values, and love. From humble beginnings, it has evolved into a strong foundation for early childhood education, shaping bright, confident learners.

The kindergarten began in 2001 under Sr. Shalini Mary, with Miss Mini and Miss Merlin's dedication. In 2002, Sr. Rexia Mary became Principal, supported by Vice Principal Sr. Jennifer and Bursar Sr. Lucy Mary, establishing structure and direction. Her visionary leadership introduced the pre-school section with Sr. Eline as in-charge—a pivotal milestone that attracted new admissions and infused fresh enthusiasm into the institution.

In 2003, I joined Vimala Hridaya's pre-school section, transitioning to kindergarten in 2004 alongside dedicated teachers Ms. Betty, Ms. Sindhu, and Ms. Teena. With motherly love and playful hearts, we created classrooms where laughter accompanied learning and every child felt cherished. Through finger-painted art and wide-eyed discoveries, we nurtured young souls in partnership with parents who entrusted us with their precious children. Within two years, our kindergarten flourished from modest origins to four thriving divisions each in L.K.G. and U.K.G.—a beautiful testament to love, teamwork, and a shared dream taking flight. Over the years, the guiding presence of Sr. Florina Mary, Sr. Adithya Mary, Sr. Jobitha Mary, Sr. Akhila Mary, Sr. Sangeeta Mary, Sr. Jiji Mary, Sr. Preshitha Mary, Sr. Ritu Mary, and Sr. Linet Mary illuminated our journey. Their selfless leadership transformed our kindergarten into something extraordinary, steadying us through challenges and celebrating our triumphs with unwavering encouragement.

Supporting this mission, dedicated teachers—Ms. Christina Mantho, Ms. Gretta, Ms. Jessy, Ms. Manju Koshy, Ms. Sunitha, Ms. Jobby, and myself—contributed wholeheartedly to the kindergarten's growth. Our unity became the driving force behind every achievement. Focusing on holistic development, we organized Arts and Sports Days, colorful festival celebrations, and a dedicated Annual Day, providing children opportunities to express creativity, build confidence, and embrace social values. By 2010, the kindergarten witnessed remarkable infrastructural growth. Smart classrooms made learning interactive and joyful, while spacious play areas strengthened children's physical and cognitive abilities. Reflecting on my twenty-two years of service feels like witnessing a beautiful story unfold—composed of emotions, memories, and innocent sparkle in children's eyes. Teaching kindergarten has been more than duty; it's been a heartfelt calling. Every child represents a story of wonder, each day teaching patience and love. From hesitant tears to confident smiles, from scribbles to words, witnessing every step of growth has been truly blessed. Today, watching our vibrant kindergarten with over 300 radiant little hearts, I feel privileged to have shared this endearing journey—where love and learning walk hand-in-hand, shaping not only young minds but transforming the teacher within me.

*Saranya Kumar*





## I embrace this momentous milestone

I embrace this momentous milestone with a happy heart and a mind full of memories. It was my former Principal, Sr. Rexia Mary, and the Vimala Hridaya platform that transformed teaching from merely a job into a passionate calling for me.

Sr. Rexia Mary, who served as Principal of this school for many years, was truly the backbone of our beloved institution. Vibrant and visionary, she possessed a remarkable blend of talents, dedication, and above all, a long-term vision for excellence. Teachers treasured her guidance, children cherished her care, and parents praised her leadership.

Sister's diplomatic problem-solving skills often amazed us all. She knew each child by name—a simple yet significant gesture that made every student feel they belonged, that they mattered, that they were valued members of the Vimala Hridaya family.

Sister embraced each child and teacher with all their shortcomings and strengths. This accepting approach accelerated the growth of our school remarkably. She had a gift for discovering the hidden talents of teachers and channelling them constructively for the children's growth and the school's success. Within a short span, Vimala Hridaya ISC School soared to become one of the premier institutions in Kollam.

I am proud to have been part of that growth. I am blessed to have taught countless children and become a cherished part of their school lives. On this joyous occasion of our School's Silver Jubilee celebration, I fondly remember and thank all our former Principals:

**Sr. Adolf Mary** – a simple soul who elevated herself above the post of principal and offered us marvellous lessons of excellence.

**Sr. Shalini Mary** – whose boundless generosity makes her truly unique.

**Sr. Norma Mary** – with her gentle smile and minimal fanfare, she conquered the challenges of Covid-19 gallantly.

**Sr. Herma Mary** – our present Principal, soft-spoken but stern in principles, carries on in her graceful way, upholding the values and vision of our institution.

With great admiration, I fondly remember our dear Boniface Mother, Sr. Sheeba Mary, Sr. Lucy Mary, Sr. Fabiola Mary, Sr. Rosalia Mary, Sr. Litty Mary, late Sr. Valentine Mary, and all other sisters whose selfless service and sacrifices have significantly shaped our school's success story.

The selfless service rendered by Sr. Jennifer Mary, who served as Vice Principal working shoulder to shoulder with Sr. Rexia Mary, has had a profound impact on the spiritual growth of both children and teachers.

Our former Vice Principals—Sr. Jiji Mary, Sr. Naveena Mary, Sr. Aigel Mary, Sr. Shani Mary, Sr. Giles Mary—and our present Vice Principal, Sr. Nima Mary, have all played pivotal parts in the progress of this precious institution.

The enthusiastic efforts and meticulous hard work of my co-teachers and non-teaching staff keep our school a loving and lively learning environment.

Finally, a word about our wonderful parents. Our world starts with them. I am deeply grateful for the steadfast support of our parent community, who have stood with us through thick and thin, helping transform our school into the vibrant, thriving institution it is today.

As we celebrate twenty-five triumphant years, we stand not at the end, but at the exciting edge of endless possibilities. The seeds sown by selfless sisters, dedicated teachers, supportive staff, and committed parents have blossomed beautifully. Now, as we nurture the next generation, may we continue to cultivate character, kindle curiosity, and create countless success stories. Here's to the past that shaped us, the present that sustains us, and the future that beckons us forward—may Vimala Hridaya's light continue to shine bright, guiding generations to glory!

With gratitude and grace,

A Proud Vimalite










## A Journey of Growth with Vimala Hridaya ISC School



Sreedhu J K

Walking into Vimala Hridaya ICSE School as a 5th standard student in 2001—the school's very first year—I had no idea I was entering my second home for eight incredible years! Growing alongside the school, from that pioneering first batch to proudly becoming the first ISC batch, was extraordinary. . Every classroom, every corridor, every teacher, hold a piece of who I am today.

Vimala Hridaya was a nurturing space where every student was seen, heard, and guided with compassion. Our teachers were amazing, patient, caring, and incredibly dedicated, more than what was in the textbooks, they taught us discipline, kindness, teamwork, and how to believe in ourselves. Their lessons continue to influence who I am today.

Throughout my years there, I had the immense privilege of being guided by our beloved Principal, Sister Rexia Mary, who led the school with a rare combination of discipline, grace, and genuine warmth. She knew each and every student personally; their names, their talents, and even their struggles. She was nothing less than extraordinary, and the care she showed each of us made a lifelong impact.

One of the most memorable moments of my school life was being elected as the School Leader in my ninth standard. That opportunity gave me an early taste of responsibility and leadership. It taught me how to work with people, to listen, and to lead by example — lessons that still help me in my professional and personal life.

Music became my passion at Vimala Hridaya! The school gave me incredible opportunities to shine, representing them at state-level competitions and proudly bringing home prizes. Those exhilarating stage moments ignited my confidence and self-belief!

During high school, my Economics teacher, Ms. Silvia, opened a thrilling new world of Commerce for me. I fell head over heels in love with the subject! But then came the heartbreak—not enough students wanted Commerce, and there might be no batch at all. I was devastated, thinking I'd have to leave my beloved school.

Then something absolutely magical happened! Sister Rexia believed in me so deeply that she started a Commerce batch just for me. I was completely stunned! It was an overwhelming moment that showed how profoundly our school cherished its students. A few others joined later, and we became the school's pioneering Commerce batch—just seven passionate students making history together!

Those transformative years were beautifully enriched by my Accountancy teacher, Ambili Sir, who magnificently opened my eyes to the captivating world of numbers and finance! His infectious passion and brilliant clarity made learning absolutely joyful and meaningful. He's the incredible reason I became a Chartered Accountant—I owe my entire career path to him!

What makes this even more precious? Ambili Sir remains one of my biggest champions today! Whenever I'm stuck or uncertain, he's still the person I instinctively turn to for guidance. His timeless wisdom and boundless kindness continue inspiring me profoundly, long after those unforgettable school days ended!

Looking back, I'm overwhelmed with gratitude! Vimala Hridaya ICSE School ignited my purpose, instilled cherished values, and blessed me with lifelong friendships! Being school topper of our first ISC batch was incredibly proud, but the real triumph was becoming the person this beautiful school nurtured.

Vimala Hridaya will forever be my life's foundation—the sacred place that shaped my dreams, character, and future! I'll carry its spirit with immense pride wherever life leads!

Today, as Vimala Hridaya celebrates 25 glorious years of service, it fills me with immense pride to see how much the school has grown in strength, in achievements, and in its beautiful infrastructure. Yet, what makes it truly special is that its heart remains the same: full of warmth, care, and vision. I wish my dear school many more years of success, growth, and the continued blessing of shaping young minds, just like it shaped mine.


CA INDIA JCAS & ASSOCIATES
CHARTERED ACCOUNTANTS

CA. Sreedhu J.Komalan
B.com, FCA, DISA (ICAI)
Partner






## നന്ദിയോടെ .....



ഓരോ ജൂബിലിയും ലക്ഷ്യം വയ്ക്കുന്നത്, നന്ദിയോടെ ഭൂതകാലത്തിലേക്ക് നോക്കിക്കൊണ്ട്, ഉത്സാഹത്തോടെ വർത്തമാനകാലത്തിൽ ജീവിച്ച്, പ്രത്യാശയോടെ ഭാവിയെ പുൽകുവാനും പരിശുദ്ധാത്മാവിന്റെ സന്തോഷത്താൽ നിറഞ്ഞു ആനന്ദിക്കുവാനും, ആ ആനന്ദം പ്രസരിപ്പിക്കുവാനും അങ്ങനെ ലോകത്തെ പ്രകാശിപ്പിക്കുവാനുമാണ്.

ഈ പ്രപഞ്ചത്തിൽ തന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ ഓരോ മനുഷ്യനേയും പ്രാപ്തനാക്കുന്നത് വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ തന്നിലർപ്പിതമായ ഉത്തരവാദിത്തം ഭംഗിയായി നിർവഹിക്കാനും പ്രപഞ്ചത്തിൽ തനിക്കുള്ള മഹനീയ സ്ഥാനം നേടാനും മനുഷ്യനു കഴിയൂ. സത്യവും അസത്യവും നന്മയും തിന്മയും കൃത്യമായും വ്യക്തമായും തിരിച്ചറിയാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന വിദ്യാഭ്യാസമാണ് അവനു ലഭിക്കേണ്ടത്.

2000-ാം മാണ്ടിൽ ആരംഭിച്ച നമ്മുടെ പഴയാറ്റിൻകുഴിയിലെ വിമല ഹൃദയ ഐ.എസ്.സി. സ്കൂളിന്റെ സേവനങ്ങൾ ഹൃദയത്തിന്റെ മണിച്ചെപ്പിൽ ഒളിമങ്ങാതെ നമുക്ക് സൂക്ഷിക്കാം. ഈ സന്തോഷവേളയിൽ ആനന്ദത്തിന്റെ തിരമാ ലകൾ എന്റെ ഉള്ളിൽ അലയടിക്കുകയാണ്. ആഹ്ലാദത്തിന്റെ ഈ ദിനങ്ങളിൽ ഈ സ്കൂളിനെ നയിച്ചുകൊണ്ടുപോകുവാനുള്ള ഭാഗ്യം ലഭിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. ചെറുവിത്തുകൾ പടർന്ന് പന്തലിച്ച് വൻവൃക്ഷമായി മാറുന്നതുപോലെ ചുരുങ്ങിയ കാലയളവുകൊണ്ട് Rev. Mother Delphine Mary യുടെ ദീർഘവീക്ഷണം, Rev. Mother Boniface Mary യിലൂടെ സാക്ഷാത്കരിച്ചതിന്റെ ഫലമായി Rev. Sr. Adolf Mary ദീപം തെളിച്ചുകൊണ്ട് Sr. Salini Mary നട്ടുവളർത്തിയ വിമല ഹൃദയമാകുന്ന കേദാരത്തെ Rev. Mother Rexia Mary ഒരു വ്യാഴവട്ടക്കാലം ഫലഭൂയിഷ്ടമായ വളം നല്കി പരിപോഷിപ്പിച്ചു. മേലധികാരികാളോടൊപ്പം സിസ്റ്റേഴ്സും, അധ്യാപകരും, അനധ്യാപകരും, കുട്ടികളും, മാതാപിതാക്കളും ഒത്തൊരുമിച്ചു നിന്ന് തങ്ങളാൽ കഴിയുന്ന വിധത്തിലെല്ലാം ഈ സ്കൂളിനുവേണ്ടി പ്രയത്നിച്ചു. Mother Rexia Mary യുടെ പിൻഗാമികളായി വന്ന Principals, Vice Principals, Teachers, Non-teaching staff, Parents, Students എല്ലാവരും മദറിനോടൊപ്പം ഒരേ കുടക്കീഴിൽ അണിനി രന്നതിന്റെ ഫലമായി 100% വിജയം കൊയ്യുവാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു. 'എവിടെ ഐക്യമുണ്ടോ അവിടെ ഈശ്വര സാന്നിധ്യമുണ്ട് - അവിടെ വിജയം കൊയ്യാം.' എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

"വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല, അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജ്ജിക്കലാണ്" എന്ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജി ഓർമ്മിപ്പിക്കുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും, പഠനത്തിലും, അച്ചടക്കത്തിലും, ആദ്ധ്യാത്മിക തലങ്ങളിലുമെല്ലാം മറ്റു സ്കൂളുകളിൽ നിന്നും വ്യത്യസ്തമായ ഒരു പാത വെട്ടിയൊരുക്കി ഈ സ്കൂളിനെ നയിക്കാൻ കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥയാണ്. ഇനിയും നമ്മുടെ വിമല ഹൃദയ ഐ.എസ്.സി.സ്കൂൾ വിജയത്തിന്റെ സോപാനത്തിലേക്ക് ഉയരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

*സിസ്റ്റർ ഹേമ മേരി*
***പ്രിൻസിപ്പാൾ***


Vimala Hridaya ISC School Silver Jubilee Souvenir 2025-26
Published by : Sr.Herma Mary FIH , Pncipal Vimala Hridaya ISC School ,
Pazhayattinkuzhi, Kollam -10